# പാപങ്ങളുടെ മാതാവ്

**• യാസിർ**

മുഹമ്മദ് നബിയുടെ ജീവിതകാലത്ത് അറേബ്യയിൽ ഒരു കള്ളനുണ്ടായിരുന്നു. വെറും കള്ളനല്ല, പെരുംകള്ളൻ. ഒരിക്കൽ അയാൾ മുഹമ്മദ് നബിയെ സമീപിച്ച് പറഞ്ഞു:

''എനിക്ക് അങ്ങയുടെ ശിഷ്യനായാൽ കൊള്ളാമെന്നുണ്ട്. അതിന് ഞാനെന്താണ് ചെയ്യേണ്ടത്?''

''നീ പ്രത്യേകിച്ചൊന്നും ചെയ്യേണ്ടതില്ല. നുണ പറയാതിരുന്നാൽ മാത്രം മതി.'' നബി അയാളുടെ ചുമലിൽ തലോടിക്കൊണ്ട് പറഞ്ഞു.

കള്ളൻ അമ്പരന്നുപോയി. മുഹമ്മദ് നബിയുടെ ശിഷ്യനാകണമെങ്കിൽ എല്ലാ പാപങ്ങളും ഒഴിവാക്കേണ്ടി വരും എന്നാണ് പലരും പറഞ്ഞിട്ടുള്ളത്. എന്നിട്ടിപ്പോൾ ഒരു പാപം മാത്രം ഒഴിവാക്കാനാണ് നബി പറയുന്നത്. ഏതായാലും തന്റെ പഴയ തൊഴിൽ തുടരുന്നതിൽ കുഴപ്പമില്ലല്ലോ. അയാൾ ആശ്വസിച്ചു. ഒരിക്കലും കളവു പറയുകയില്ലെന്ന് നബിയുടെ മുന്നിൽ വെച്ച് പ്രതിജ്ഞയെടുത്ത് അയാൾ തിരിച്ചുപോയി.

രാത്രിയായി. ലോകം മുഴുവൻ ഉറങ്ങിയപ്പോൾ അയാളുണർന്നു. അതാണല്ലോ അയാളുടെ പതിവ്. അയാൾ മാത്രമല്ല ഉണർന്നത്. അയാളുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുകയായിരുന്ന പെരുങ്കള്ളനും ഉണർന്നു. ആരുടെയോ തോട്ടത്തിൽ കണ്ട പഴുത്തു തുടുത്ത ഈത്തപ്പഴക്കുലകൾ അയാളുടെ മനസ്സിൽ തൂങ്ങിക്കിടക്കുന്നു. അതു പറിച്ചെടുക്കാൻ കൈകൾ തരിച്ചു.

കള്ളൻ വീട്ടിൽ നിന്നിറങ്ങി.

മോഷണം നടത്താനുദ്ദേശിച്ച തോട്ടം ലക്ഷ്യമാക്കി ഇരുളിന്റെ മറപറ്റി അയാൾ നടന്നു.

വഴിമധ്യേ അയാൾ ചിന്തിച്ചു: താൻ ഇന്ന് മോഷണം നടത്തിയാൽ നാളെ നബിയെ കാണുമ്പോൾ എന്തു പറയും? 'ഇന്നലെ രാത്രി എങ്ങനെയുണ്ടായിരുന്നു; പഴയ പോലെ മോഷണം നടത്താൻ തോന്നിയിരുന്നോ' എന്നോ മറ്റോ നബി ചോദിച്ചാൽ എന്തു ചെയ്യും? നുണ പറയില്ലെന്ന് പ്രതിജ്ഞ ചെയ്തതല്ലേ... സത്യം പറയാമെന്ന് വെച്ചാലോ, നബിയുടെ ഒരു ശിഷ്യൻ മോഷ്ടിക്കുകയോ? ഛെ! നാണക്കേട്. മോഷണക്കുറ്റത്തിന്റെ കടുത്ത ശിക്ഷ ഏറ്റുവാങ്ങേണ്ടിവരുമോ?!

ഇങ്ങനെ ചിന്തിച്ച് ഒടുവിൽ കള്ളൻ മോഷ്ടിക്കാതെ വീട്ടിലേക്ക് തന്നെ തിരിച്ചുപോയി. പിന്നീട് എന്തെങ്കിലും തെറ്റ് ചെയ്യാനൊരുങ്ങുമ്പോഴൊക്കെ നബിയുടെ മുമ്പിൽ സത്യം പറയേണ്ടിവരുമല്ലോ എന്ന് അയാൾ ഓർക്കും. എന്നിട്ട് തെറ്റിൽനിന്ന് പിന്തിരിയും. അങ്ങനെ അയാൾ നല്ല മനുഷ്യനായി മാറി.

ഇതാണ് കൂട്ടുകാരേ, നുണ പാപങ്ങളുടെ മാതാവാണെന്ന് നബി തിരുമേനി പറഞ്ഞതിന്റെ അർത്ഥം.




▸▸ കണ്ടൽക്കാടുകൾക്കു വേണ്ടി പ്രയത്നിച്ച മലയാളി പരിസ്ഥിതി പ്രവർത്തകൻ – കല്ലേൻ പൊക്കുടൻ